**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 577** **09-08-2023 - ൽ മറുപടിയ്ക്ക്**

**ചെറുപുഴ സബ് ട്രഷറി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ സബ് ട്രഷറി നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | ട്രഷറി വകുപ്പിന്റെ പേരിൽ ലഭ്യമായിരിക്കുന്ന ചെറുപുഴ ഉൾപ്പെടെയുള്ള 22 സ്ഥലങ്ങളിൽ പുതിയ ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിന് സുതാര്യമായ ലേല നടപടി ക്രമത്തിലൂടെ തെരഞ്ഞെടുത്ത HLL Life Care Limited – നെ സ.ഉ(സാധാ) നം.5117/2023/ധന തീയതി 05/07/2023 പ്രകാരം കെട്ടിട നിർമ്മാണ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച് അനുമതി നൽകിയിട്ടുണ്ട്. ഇതിനായി DPR തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിർവ്വഹണ ഏജൻസി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഏജൻസി സമർപ്പിക്കുന്ന DPR സർക്കാരിലേക്ക് ലഭ്യമാകുന്ന മുറയ്ക്കും ഫണ്ട് ലഭ്യതയ്ക്കും വിധേയമായി കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയതെന്ന് അറിയിക്കാമോ; | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ